No.10/2018/SRG/LSGD(5)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.06.2018 ൽ കൂടിയ യോഗത്തിന്റെ നടപടി വിവരം

യോഗം ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ ആരംഭിച്ചു. ബഹു. മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം ഹാജർ രജിസ്റ്റർ പ്രകാരം

### 1.പൊതു അവലോകനം

2018-19-ലെ ആകെ പദ്ധതി ചെലവ് 10.86 ശതമാനമാണ്. സ്പിൽ ഓവർ പ്രോജക്ടുകൾ കാലതാമസം കൂടാതെ നടപ്പാക്കുകയും ഇതിന്റെ ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ നൽകേണ്ടതുമാണ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റ് തുടങ്ങിയ ഏജൻസികൾ മുഖേന നടപ്പാക്കേണ്ട പ്രോജക്ടുകളുടെ ഡെപ്പോസിറ്റ് തുക അടിയന്തിരമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നൽകണം. കൂടാതെ പൂർത്തിയായ പ്രോജക്ടുകളുടെ ബിൽ കാലതാമസം കൂടാതെ തയ്യാറാക്കി നൽകണം.

അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതല നൽകുമ്പോൾ സമീപ പ്രദേശങ്ങളിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ ചുമതലവേണം നൽകേണ്ടത്. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും അതത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും മേൽപ്രകാരം ക്ലസ്റ്റർ റീസ്ട്രക്ചർ ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കണം.

നടപടി: 1) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ എല്ലാ ജീവനക്കാരും ഉൾപ്പെടെ കാഷ്വൽ ലീവൊഴിച്ച് ഏതു ലീവെടുത്താലും ലീവ് അനുവദിക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വകുപ്പുമേധാവികളെ ഇക്കാര്യം അറിയിക്കേണ്ടതാണ്. ഓരോ ആഴ്ച്ചയും അതിന്റെ ലിസ്റ്റ് വെബ്സൈറ്റിൽ ഇടണം.

ബഹു.തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ജില്ലാതല അവലോകന യോഗത്തിൽ എ.ബി.സി. പദ്ധതിയുടെ പുരോഗതിയും പ്രത്യേകമായി വിലയിരുത്തുന്നതാണ്.

### 2.തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടിക്ക് പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതു സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കി നൽകിയ കരട് മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ടുള്ള ഉത്തരവ് ഉടനെ ഇറക്കും

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ധനകാര്യ വകുപ്പ്

### 2.1 12.04.2018 ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ

**ഖണ്ഡിക 2.17**

SCSP/TSP വിഭാഗത്തിലെ പൊതുപ്രോജക്ടുകൾക്ക് ഫിസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും വേണം. വെറ്റിംഗ് നടത്തുമ്പോൾ ഇതു കൂടി സമർപ്പിച്ചിട്ടുണ്ടെന്ന് രേഖപ്പെടുത്താൻ (മാൻഡേറ്ററി) പ്രോജക്ട് പ്രൊഫോർമയിൽ ക്രമീകരണം ചെയ്തിട്ടുണ്ട്.

**ഖണ്ഡിക 2.18**

പദ്ധതി ആസൂത്രണ - അംഗീകാര പ്രക്രിയ സുലേഖ സോഫ്റ്റ് വെയറിലൂടെയാക്കി യതുപോലെ പ്രോജക്ടുകളുടെ നിർവ്വഹണ പ്രക്രിയയും സുലേഖ സോഫ്റ്റ് വെയർ വഴി വിലയിരുത്താനുള്ള ക്രമീകരണം നടത്തുന്നതിന് ഐ.കെ.എം. വിദഗ്ധരുടേയും എസ്.ആർ.ജി. അംഗങ്ങളുടേയും ഒരു യോഗം കൂടാൻ തീരുമാനിച്ചു.

നടപടി:- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

## 2.2 02.05.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 3.2**

2017-18 വർഷം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് വളരെ മികച്ചതാണ്. എന്നാൽ ചില വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥൻമാരുടെ പദ്ധതി ചെലവ് വളരെ കുറവാണെന്ന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018, 21.03.2018 എന്നീ യോഗങ്ങളിൽ വിലയിരുത്തിയിരുന്നു. ഈ വകുപ്പുകളും ഉദ്യോഗസ്ഥൻമാരും ഏതൊക്കയാണ് എന്നത് സംബന്ധിച്ച വിവരം അടിയന്തിരമായി തയ്യാറാക്കി നൽകണം.

നടപടി:- 1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

## 2.3 23.05.18 -ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 3.4**

നവകേരളം മിഷന്റെ ഭാഗമായി മിഷൻ മേധാവികൾ ജില്ലകളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരെയും സെക്രട്ടറിമാരടക്കമുള്ള ഉദ്യോഗസ്ഥരുടേയും യോഗങ്ങൾ വിളിക്കാറുണ്ട്. ഇതു കൂടാതെ ട്രെയിനിംഗിനും വിളിക്കാറുണ്ട്. വിവിധ മിഷനുകൾ ഇത്തരം യോഗം പ്രത്യേകം പ്രത്യേകമായാണ് പലപ്പോഴും വിളിക്കാറുള്ളത്. പങ്കെടുക്കുന്നവർക്ക് സമയനഷ്ടമടക്കം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ സാഹചര്യത്തിൽ വിവിധ മിഷനുകളുടേതടക്കമുള്ള ഇത്തരം യോഗങ്ങൾ ഒരുമിച്ച് വിളിക്കുകയും എല്ലാ അജണ്ടകളും ഒരുമിച്ച് ചർച്ച ചെയ്യുന്ന/അവലോകനം ചെയ്യുന്ന രീതിയിലാക്കേണ്ടതുമാണ്. ജില്ലാ ആസൂത്രണസമിതിയുടേയോ ജില്ലാ കളക്ടറുടേയോ നേതൃത്വത്തിൽ വേണം ഇപ്രകാരം യോഗം ഇനി വിളിക്കേണ്ടത്.

ഇത് സംബന്ധിച്ച സർക്കുലർ ഉടനെ ഇറക്കും

(നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) മിഷൻ മേധാവികൾ

**ഖണ്ഡിക 3.9**

**മലപ്പുറം ജില്ലാ പ്ലാനിംഗ് കമ്മിറ്റി മെമ്പറായ ശ്രീ. എ.കെ.അബ്ദുൾ റഹ്മാന്റെ 20.04.2018-ലെ കത്ത്**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി അംഗങ്ങളായ ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗങ്ങൾ വിവിധ ഡി.പി.സി. യോഗങ്ങളിലും ജില്ലാ ആസൂത്രണ സമിതിയുടെ സബ് കമ്മിറ്റി യോഗങ്ങളിലും പങ്കെടുത്തതിന്റെ റ്റി.എയും സിറ്റിംഗ് അലവൻസും ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയറ്റിൽ നിന്നു തന്നെ (ജില്ലാ പ്ലാനിംഗ് ഓഫീസ്) താഴെപ്പറയുന്ന നിരക്കിൽ നൽകണമെന്നു തീരുമാനിച്ചിരുന്നു. ഒരു യോഗത്തിൽ പങ്കെടുക്കുന്നതിന് 400/- രൂപ സിറ്റിംഗ് ഫീയും യാത്രാബത്തയായി പരമാവധി 600/- രൂപയും ചേർത്ത് ആകെ പരമാവധി 1000/- രൂപ നൽകാവുന്നതാണ്. ഈ തുക ജില്ലാ ആസൂത്രണസമിതി അംഗങ്ങൾക്കുള്ള അലവൻസ് എന്ന വിഹിതത്തിൽ നിന്ന് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അനുവദിക്കേണ്ടതാണ്. അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഇനിയും അലവൻസ് നൽകേണ്ടതില്ല. ജില്ലാ ആസൂത്രണസമിതിയിലെ സർക്കാർ നോമിനിക്കും ഇതേ നിരക്കിൽ സിറ്റിംഗ് ഫീയും അലവൻസും നൽകാവുന്നതാണ്. ഇതിന്മേലുള്ള ഉത്തരവ്.

നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
3) ചീഫ്, ഡി.പി. ഡിവിഷൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

**ഖണ്ഡിക 3.13**

പ്രാഥമികാരോഗ്യകേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവിടങ്ങളിലെ ഉച്ചകഴിഞ്ഞത്തെ പ്രവർത്തനത്തിന് നിയമിക്കപ്പെടുന്ന ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും തസ്തികയുടെ അടിസ്ഥാന വേതനം (ആരോഗ്യ വകുപ്പിൽ പുതുതായി ജോലിക്ക് ചേരുമ്പോൾ ലഭിക്കുന്ന വേതനം) ധനവകുപ്പിന്റെ കൂടി അനുമതിയോടെ നൽകാൻ തീരുമാനിച്ചു. ഡോക്ടർമാരെ ജില്ലാതലത്തിൽ ജില്ലാകളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ ജില്ലാ പ്രോഗ്രാം മാനേജർ (NHM) എന്നിവരടങ്ങുന്ന കമ്മിറ്റി ഇന്റർവ്യൂ നടത്തി എടുക്കേണ്ടതാണ്. അതാതു തദ്ദേശഭരണ സ്ഥാപനത്തിൽ പ്രത്യേകമായി ഇന്റർവ്യൂ ചെയ്ത് ഡോക്ടർമാരെ എടുക്കാവുന്നതല്ല. പി.എച്ച്.സി/സി.എച്ച്.സി.യുടെ പ്രവർത്തനം രാവിലെ 8.00 മണിമുതൽ 1.00 മണിവരെയും ഉച്ചകഴിഞ്ഞ് 1.00 മണി മുതൽ 6.00 മണിവരെയും ആക്കുന്നതിന്റെ ഭാഗമായി മാത്രമേ അധികമായി ഡോക്ടർമാരേയും നേഴ്സുമാരേയും താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാവൂ. ഇതു കൂടാതെ താലൂക്കാശുപത്രിയിലും ആവശ്യമെങ്കിൽ ഒരു ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കാവുന്നതാണ്. ഇതിന്മേലുള്ള ഉത്തരവ് ഉടനെ ഇറങ്ങും.

നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി. ) വകുപ്പ്

**ഖണ്ഡിക 4.8**

**ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ 3, 9 എന്നീ വാർഡുകളിലെ മെമ്പർമാർ നൽകിയ കത്ത് .**

2018-19-ലെ പദ്ധതി ആസൂത്രണ നടപടിക്രമങ്ങളിൽ പിഴവുകൾ സംഭവിച്ചിട്ടുണ്ടെന്നും 3, 9 വാർഡുകളിൽ വികസന പ്രോജക്ടുകൾ എടുത്തിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു. ഇതു പരിശോധിച്ച് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് യോഗത്തിൽ അവതരിപ്പിച്ചു.

ഭാവിയിൽ വാർഷിക പദ്ധതി സമർപ്പിക്കുമ്പോൾ പഞ്ചായത്തിന്റെ പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ

ഉറപ്പ വരുത്തണം. ആവശ്യമെങ്കിൽ പെർഫോർമൻസ് ഓഡിറ്റ് വകുപ്പിന്റെ സേവനം തേടാവുന്നതാണ്.

നടപടി:- 1) തദ്ദേശസ്വയംഭരണ (എ.എ) വകുപ്പ്
2) ജില്ലാ കളക്ടർ, ആലപ്പുഴ

**ഖണ്ഡിക 4.30**

**ബഹു. കടുത്തുരുത്തി എം.എൽ.എ.യുടെ 16.05.2018-ലെ കത്തും ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 16.05.2018-ലെ C - 70/18-ാം നമ്പർ കത്തും 11.05.2018-ലെ 4-ാം നമ്പർ ഭരണ സമിതി തീരുമാനവും**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന 8 ഗ്രാമഞ്ചായത്തുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിച്ച് പൊടിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ 42.00 ലക്ഷം രൂപ മുടക്കി പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ആവർത്തന ചെലവിനും വേതനം നൽകുന്നതിനും ബ്ലോക്ക് പഞ്ചായത്തിന് വയബിലിറ്റിഗ്യാപ് ഫണ്ട് വകയിരുത്താൻ അനുമതി സംബന്ധിച്ച്. ഷ്രെഡു ചെയ്ത പ്ലാസ്റ്റിക്കിൽ നിന്നും കിട്ടുന്ന വരുമാനം, ചെലവ് എന്നിവയടക്കം മറ്റു വിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ശുചിത്വ മിഷൻ അവതരിപ്പിച്ചു. വരവും ചെലവും പരിശോധിച്ചതിൽ പ്രതിദിനം 910/- രൂപ അധിക ചെലവു വരുന്നുണ്ട്. ഈ അധിക ചെലവ് വഹിക്കുന്നതിനുമാത്രം വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**ഖണ്ഡിക 4.35**

**എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17.04.2018-ലെ DP -15-1283/18-ാം നമ്പർ കത്ത് .**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ.സനൽ എം.ആർ, മുപ്പേലിപ്പറത്ത്, മലയാറ്റൂർ.പി.ഒ എന്ന ആൾ ഓസ്ട്രേലിയയിൽ Key 2 Learning Canberra Technoogy Park -ൽ ഹെൽത്ത് ആന്റ്കമ്മ്യൂണിറ്റി സർവ്വീസ് പ്രോഗ്രാം എന്ന കോഴ്സിന് പഠിക്കുന്നതിന് സഹായം നൽകുന്നതിന് അനുമതി സംബന്ധിച്ച്. 2 വർഷ കോഴ്സാണ്. 20.00 ലക്ഷം രൂപയാണ് പഠന ചെലവ്. മറ്റു വിശദാംശങ്ങൾ നൽകിയിട്ടില്ല.

തീരുമാനം:- വിശദാംശങ്ങൾ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകാൻ തീരുമാനിച്ചു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

## 2.4 06.06.2018-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 3.1**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിലെ പ്രോജക്ടുകളും മറ്റു വിഷയങ്ങളും കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച സർക്കുലർ

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**ഖണ്ഡിക 4.7**

**കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27.04.2018-ലെ കത്ത്**

പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകൾ, വാർദ്ധക്യകാല ശുശ്രൂഷ എന്നീ മേഖലയിൽ തൊഴിൽ നേടാൻ സഹായകമായ ഹോം നേഴ്സിംഗ് ആന്റ് ഹെൽത്ത്

കെയർ പരിശീലന പരിപാടി നടത്തുന്നതിനുള്ള സ്ഥാപനമായി കോഴിക്കോട് പ്രവർത്തിക്കുന്ന പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ (PRTC)യെ അംഗീകരിക്കണമെന്നതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അഭിപ്രായ മാരാഞ്ഞ് റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ നൽകണം.

നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.ബി.) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ

**ഖണ്ഡിക4.8**

**വിജയപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.04.2018-ലെ A1-10220/17-ാം നമ്പർ കത്ത് ( LSGD - DB1/332/2018- LSGD)**

പഞ്ചായത്തിലെ 17-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കൊല്ലക്കൊമ്പ് SC കോളനിയിലെ വീടുകൾ അപകടാവസ്ഥയിൽ ആയതിനാൽ ഇവർക്ക് പുതിയ വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള അനുമതി സംബന്ധിച്ച് പട്ടികജാതി വികസന ഡയറക്ടർ പരിശോധിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് നൽകണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) പട്ടികജാതി വികസന ഡയറക്ടർ

**ഖണ്ഡിക 4.15**

**കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 21.12.2017-ലെ A4-2898/17-ാം നമ്പർ കത്ത് (LSGD - DB1/20/2018/-LSGD)**

ആറളം പരിപ്പ് തോട് എന്ന സ്ഥലത്ത് 24 ഏക്കർ സ്ഥലത്ത് 24പട്ടിക വർഗ്ഗ കുടുംബങ്ങളെ 2006-07 -ൽ പുനരധിവസിപ്പിച്ചിരുന്നു. 11 വർഷം മുമ്പ് പൂർത്തീകരിച്ച ഈ വീടുകൾ വാസയോഗ്യമല്ല. ഇവ വാസയോഗ്യമാക്കി അധികമായി ഒരു മുറി കൂടി നിർമ്മിക്കുന്നതിന് 3,60,000/- രൂപ വീതം ഒരു വീടിന് ആവശ്യമാണെന്ന് ആറളം ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. (2017-18-ൽ 49 .00 ലക്ഷം രൂപ ഇതിനായി വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു). ഈ വീടുകളിൽ 11 എണ്ണം അറ്റകുറ്റപ്പണി നടത്താൻ അനുമതി സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികവർഗ്ഗ വികസന ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും ഡയറക്ടറുടെ പ്രതിനിധികൾ യോഗത്തിൽ ഹാജരായില്ല. അടുത്ത യോഗത്തിൽ റിപ്പോർട്ട് നൽകണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) പട്ടികവർഗ്ഗ വികസന ഡയറക്ടർ

**ഖണ്ഡിക 4.29**

**ആലപ്പുഴ നഗരസഭാ ചെയർമാന്റെ 20.01.2018-ലെ കത്ത്**

നഗരസഭയുടെ ഇലക്ട്രിക് വേലകളുടെ പ്രോജക്ടുകൾക്ക് (10 ലക്ഷത്തിലധികമുള്ള പ്രവൃത്തികൾ) സാങ്കേതികാനുമതിക്കായി പി. ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗം ചീഫ്

എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്നതിന് അഡ്വാൻസായി സെന്റേജ് നൽകണമന്ന് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടതനുസരിച്ച് ഇതു നൽകാൻ അനുമതി സംബന്ധിച്ച് താഴെപ്പറയുന്ന തീരുമാനമെടുത്തു.

**തീരുമാനം :-** ഇത്തരം പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനും മറ്റും ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ സാമ്പത്തിക പരിധി ഉയർത്താൻ തീരുമാനിച്ചു. ഇതിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ

## 3. പൊതു വിഷയങ്ങൾ

=========================

### 3.1 സാംസ്കാരിക വകുപ്പ് സെക്രട്ടറിയുടെ 04.06.2018-ലെ c2/176/2018/സാം. കാ.വ.നമ്പർ കത്ത്

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കിഫ്ബിയുടെ ധനസഹായത്തോടെ 50.00 കോടി രൂപ വീതം മുതൽ മുടക്കി സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന ഒരു പദ്ധതി സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരികയാണ്. ഇതിന് പുറമെ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമപ്രദേശങ്ങളിലും ചെറു പട്ടണങ്ങളിലും സൗകര്യപ്രദമായ പാതയോരങ്ങൾ കണ്ടെത്തി തിരുവനന്തപുരത്തെ മാനവീയം വീഥിയുടെ മാതൃകയിൽ അരങ്ങുകൾ ഒരുക്കുന്ന ഒരു നൂതന പദ്ധതി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. 'നാട്ടരങ്ങ്' എന്ന ഈ പദ്ധതിയിൻ കീഴിൽ സ്റ്റേജ്, ചമയമുറി, ഇരിപ്പിട സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നതാണ്. ചുമർചിത്രങ്ങളും ശില്പങ്ങളും നാട്ടരങ്ങിനെ ആകർഷകമാക്കുന്നതാണ്. ഒരു നാട്ടരങ്ങ് നിർമ്മാണത്തിന് ഏകദേശം 5 ലക്ഷം രൂപ ചെലവ് കണക്കാക്കുന്നു. പദ്ധതി സാംസ്കാരിക വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി നിർവഹണത്തിന്റെ ചെലവ് യഥാക്രമം 3:2 അനുപാതത്തിൽ ഇരു വകുപ്പുകളും വഹിക്കണമെന്നാണ് സാംസ്കാരിക വകുപ്പ് ഉദ്ദേശിക്കുന്നത്.

പദ്ധതി നിർവഹണത്തിന്റെ വിശദാംശങ്ങൾ, ചെലവ് പങ്കിടൽ തുടങ്ങിയ കാര്യങ്ങളിൽ വിശദമായ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി വിശദമായി റിപ്പോർട്ട് സമർപ്പിക്കാൻ സാംസ്കാരിക വകുപ്പിനോട് നിർദ്ദേശിച്ചു. SRG ഇത് പരിശോധിച്ച് കരട് നിർദ്ദേശം കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകേണ്ടതാണ്.

നടപടി :- 1) തദ്ദേശസ്വയംഭരണ(ഇ.പി.എ) വകുപ്പ്
2) സാംസ്കാരിക വകുപ്പ് സെക്രട്ടറി
3) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

3.2 കോഓർഡിനേഷൻ കമ്മിറ്റിയുടെ 02.05.2018-ലെ യോഗത്തിൽ ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾക്ക് സിറ്റിംഗ് ഫീയും യാത്രാപ്പടിയും നിശ്ചയിച്ചിരുന്നു. (യഥാക്രമം 400/ രൂപയും 600/- രൂപയും) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി അംഗങ്ങളായ ജില്ലാ ആസൂത്രണസമിതി അംഗങ്ങൾക്ക് എന്നാണ് നിശ്ചയിച്ചിരുന്നത്. ഇത് സർക്കാർ നോമിനികളായ അംഗങ്ങൾക്കും ബാധക മാക്കാൻ തീരുമാനിച്ചു.

നടപടി :- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
3) ചീഫ് , ഡി.പി. ഡിവിഷൻ, എസ്.പി.ബി

3.3 ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2017-18-ലെ വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾ 2018 മാർച്ചിൽ പൂർത്തിയായെങ്കിലും ബഡ്ജറ്റ് വിഹിതം തീർന്നതിനാൽ ബിൽ തുക നൽകാൻ കഴിഞ്ഞില്ല. വിഹിതം തീർന്നതിനാൽ സാംഖ്യ സോഫ്റ്റ് വെയറിലൂടെ ബില്ലുകളും എടുക്കാൻ കഴിഞ്ഞില്ല. അതിനാൽ അവ 'ക്യൂ' ബില്ലുകളുടെ വിഭാഗത്തിലും ഉൾപ്പെട്ടിട്ടില്ല. ഈ കാരണത്താൽ കാറ്റഗറി 1 സ്പിൽ ഓവറിൽ (ക്യാരിഓവർ വിഹിതം ലഭിക്കുന്ന ഗണത്തിലെ) ഇവ ഉൾപ്പെടുന്നില്ല. ഇവ കാറ്റഗറി 1 സ്പിൽ ഓവറിൽ ഉൾപ്പെടുത്താൻ പല തദ്ദേശഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്. (കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.06.2018-ലെ കത്തിലൂടെ താമരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ പ്രശ്നം ഉന്നയിച്ചിട്ടുണ്ട്.) ഈ പ്രശ്നം ധനവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താൻ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പ്രത്യേകമായി ഇടപെടണമെന്ന് യോഗം തീരുമാനിച്ചു.

നടപടി :- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
2) തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി

3.4 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി പ്രകാരം 31.03.2018 വരെ ട്രഷറികളിൽ സമർപ്പിച്ച ബില്ലുകളിൽ ചിലതിന്റെ തുക മാറി നൽകാൻ കഴിഞ്ഞില്ല. ഇവ ക്യൂ ബിൽ ഗണത്തിൽപ്പെടുത്തിയിരുന്നു. ഇത്തരം ബില്ലുകളുടെ തുക നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം സാംഖ്യ സോഫ്റ്റ് വെയറിൽ പ്രത്യേക ക്രമീകരണം ചെയ്തിരുന്നു. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങളുടെ ക്യൂബില്ലുകൾ പൂർണ്ണമായും നൽകാൻ പര്യാപ്തമായ തുക ട്രഷറികളിൽ ഇല്ല. ഈ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് താഴെ പറയുന്ന പ്രകാരം അധിക തുക അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റടക്കം ധനവകുപ്പിന് നൽകിയിട്ടുണ്ട്

| ക്രമ നം | അധിക തുക ആവശ്യമുള്ള വിഭാഗം | ആവശ്യമുള്ള തുക (രൂപ) |
|---|---|---|
| 1 | പ്രത്യേക ഘടക പദ്ധതി വിഹിതം | 92,29,320/- |
| 2 | ട്രൈബൽ സബ് പ്ലാൻ വിഹിതം | 10,16,726/- |
| 3 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 75,24,676/- |

| | | |
|---|---|---|
| 4 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 98,79,175/- |
| 5 | ലോകബാങ്ക് വിഹിതം (2018 – 19 ൽ ഗഡു നൽകാത്തത്)<br>(i) കേന്ദ്രവിഹിതം<br>(ii) സംസ്ഥാന വിഹിതം | <br><br>266,08,561/-<br>224,96,655/- |
| | **ആകെ** | **767,55,113/-** |

നടപടി :- 1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

3.5 ലോക ബാങ്ക് വിഹിതം ഉപയോഗിച്ച് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ 2018 മാർച്ച് 31-നകം പ്രോജക്ടുകൾ പൂർത്തിയാക്കിയെങ്കിലും തുക നൽകിയിട്ടില്ല. ഇത്തരം പ്രോജക്ടുകൾ താഴെപ്പറയും പ്രകാരം രണ്ട് ഘട്ടത്തിലാണ്.

(i) പ്രോജക്ട് പൂർത്തിയാക്കി ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ നൽകി. എന്നാൽ തുക മാറി ലഭിച്ചില്ല. അവ 'ക്യൂ' ബില്ലുകളായി മാറ്റി വച്ചിരിക്കുന്നു.

(ii) പ്രോജക്ടുകൾ പൂർത്തിയാക്കിയെങ്കിലും ബില്ലുകൾ തയ്യാറാക്കിയില്ല. ഇവ 'ക്യൂ' ബിൽ ഗണത്തിൽപ്പെടുന്നില്ല.

ഇതിന്റെ വിശദവിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും ശേഖരിച്ച് ഉടനെ നൽകുന്നതാണ്. ലോകബാങ്ക് വിഹിതം ഉപയോഗിച്ചുള്ള ഇത്തരം പ്രോജക്ടുകൾക്ക് (31.03.2018-നകം പൂർത്തിയാക്കിയ പ്രവർത്തികൾ) അധിക തുക അനുവദിക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

നടപടി :- 1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

3.6 24.03.2018-ൽ 170 ഗ്രാമപഞ്ചായത്തുകൾക്ക് ധനകാര്യ കമ്മീഷൻ പെർഫോർമൻസ് ഗ്രാന്റ് അനുവദിച്ചിരുന്നു. ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തിനേക്കാൾ അധികമായിരുന്നു ഇത്. അധിക തുകയ്ക്കുള്ള പ്രോജക്ടുകൾ ചുരുങ്ങിയ ദിവസം കൊണ്ട് തയ്യാറാക്കാനോ നിർവഹണം നടത്താനോ ഈ ഗ്രാമപഞ്ചായത്തു കൾക്ക് കഴിഞ്ഞില്ല. അതിനാൽ ഈ തുക അധികമായി ഈ വർഷം അനുവദിക്കണമെന്ന് ഈ ഗ്രാമപഞ്ചായത്തുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ അധികമായി അനുവദിച്ച തുക ഈ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

നടപടി :- 1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

3.7 സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി 2018-19 വാർഷിക പദ്ധതി അന്തിമമാക്കി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 30.06.2018 ആണ്. 23.05.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നിബന്ധനകൾക്ക് വിധേയമായി വാർഷിക പദ്ധതിയിൽ അത്യാവശ്യം ചില ഭേദഗതികൾ അനുവദിച്ചിരുന്നു. എന്നാൽ വിശദമായ എസ്റ്റിമേറ്റ് എടുത്തപ്പോഴും മറ്റും ചില പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയില്ലെന്നും ചില പ്രോജക്ടുകളിൽ ഭേദഗതികൾ അത്യാവശ്യമായി വരുന്നുവെന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്.

ഉദാ:- റോഡിന്റെ പ്രത്യേക അവസ്ഥകാരണം ടാറിംഗിന് സാധ്യമാകാതെ വരികയും കോൺക്രീറ്റിംഗ് അനിവാര്യമായി വരികയും ചെയ്യുക.

ഇത്തരം അവസരങ്ങളിൽ 23.05.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിൽ പ്രതിപാദിക്കാത്തതും എന്നാൽ മുകളിൽ പറഞ്ഞ പ്രകാരമുള്ള

ഭേദഗതി ആവശ്യമായി വരുന്നതുമായ ഘട്ടത്തിൽ ബന്ധപ്പെട്ട പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ പരിശോധിച്ച് ശുപാർശ ചെയ്യുന്നതനുസരിച്ച് അതത് ജില്ലാ ആസൂത്രണസമിതികൾക്ക് ഭേദഗതികൾ അനുവദിക്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.

ഇത്തരം ഭേദഗതികൾ കൂടി ഉൾപ്പെടുത്തി 2018-19 വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുന്നതിനുള്ള സമയം 15.07.2018വരെ ദീർഘിപ്പിച്ചു നൽകാൻ തീരുമാനിച്ചു.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.8 ഐ.കെ.എം. ഉദ്യോഗസ്ഥരും ജില്ലാ പ്ലാനിംഗ് ഓഫീസിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി 25.06.2018 ൽ സംസ്ഥാന ആസൂത്രണ ബോർഡിൽ നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ. ഐ.കെ.എം ന്റെ സുലേഖ, സാംഖ്യ സോഫ്ട് വെയറിൽ താഴെപ്പറയുന്ന മാറ്റങ്ങൾ/കുറവുകൾ പരിഹരിക്കാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി

(i) 120 തദ്ദേശഭരണ സ്ഥാപനങ്ങൾ 2017-18-ലെ വാർഷിക പദ്ധതിയുടെ അന്തിമ പ്രൊസീഡിംഗ്സ് എടുത്തിട്ടില്ല. ഈ തദ്ദേശഭരണ സ്ഥാപനങ്ങൾ അന്തിമ പ്രൊസീഡിംഗസ് 2018 ജൂലൈ 7-നകം എടുക്കണം. ഇതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്യാൻ നിർദ്ദേശിച്ചു.

(ii) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളുടെ വെറ്റിംഗ് , സാങ്കേതികാനുമതി . ജില്ലാ ആസൂത്രണസമിതി അംഗീകാരം എന്നിവ കഴിഞ്ഞതിനുശേഷമാണ് നിർവഹണം നടത്തി ബിൽ സാംഖ്യ വഴി എടുത്ത് തുക നൽകേണ്ടത്. എന്നാൽ ഇപ്പോൾ വെറ്റിഗ്, സാങ്കേതികാനുമതി എന്നിവയ്ക്കുശേഷം ജില്ലാ ആസൂത്രണസമിതിക്കു സമർപ്പിക്കാതെ പ്രോജക്ടുകൾക്ക് സാംഖ്യ വഴി ബിൽ തുക നൽകുവാൻ കഴിയും. ഈ അപാകത അടിയന്തിരമായി പരിഹരിക്കണം

(iii) വാർഷിക പദ്ധതി ഭേദഗതിയുടെ നടപടിക്രമം രണ്ടു ഘട്ടമായാണ് നടക്കുന്നത്.

(a) ഭേദഗതി നിർദ്ദേശം ആദ്യം ജില്ലാ ആസൂത്രണ സമിതിക്കു നൽകണം. ഇത് ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയറ്റ് പരിശോധിച്ച് തീരുമാനം തദ്ദേശഭരണ സ്ഥാപനത്തെ അറിയിക്കണം.

(b) രണ്ടാം ഘട്ടമായി ഭേദഗതി പ്രോജക്ടുകൾ ജില്ലാ ആസൂത്രണസമിതിക്കു സമർപ്പിക്കും.

രണ്ടാം ഘട്ടത്തിൽ ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തിനു സമർപ്പിക്കുമ്പോൾ മുഴുവൻ പ്രോജക്ടുകളും ഒരുമിച്ച് മാത്രം സമർപ്പിക്കുന്ന

രീതിയിൽ സുലേഖ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്യാൻ തീരുമാനിച്ചു.

(iv) ഇലക്ട്രിക്കൽ, സൗരോർജ്ജ പ്രോജക്ടുകൾ എന്നിവ വെറ്റ ചെയ്യാനും സാങ്കേതിക അനുമതിക്കും ജില്ലാതലത്തിൽ കമ്മിറ്റി രൂപീകരിക്കാൻ സർക്കാർ ഉത്തര വായിട്ടുണ്ട്. ഇത്തരം പ്രോജക്ടുകൾ ഓൺലൈനായി കമ്മിറ്റിയുടെ കൺവീനർക്ക് നൽകാൻ ക്രമീകരണമില്ല. ശുചിത്വ മേഖലയിലെ പ്രോജക്ടുകൾപോലെ തൽക്കാലം ഇവയും ഹാർഡ് കോപ്പിയായി സമർപ്പിക്കുന്ന രീതി അവലംബിക്കാവുന്നതാണ്. ഇവയും ഓൺ ലൈനായി സമർപ്പിക്കാനുള്ള ക്രമീകരണം ഐ.കെ.എം. എത്രയും വേഗം ചെയ്യണം.

(v) തദ്ദേശഭരണ സ്ഥാപനങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകുന്ന പ്രോജക്ടുകൾ ജില്ലാ പ്ലാനിംഗ് ഓഫീസ് മുഖേന സമർപ്പിക്കണമെന്ന് 06.06.2018-ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ ഓൺലൈനായി സമർപ്പിക്കുന്ന രീതി ഐ.കെ.എം. അവതരിപ്പിച്ചു. കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ നിർദ്ദേശം കൂടി ഉൾപ്പെടുത്തി ഈ ക്രമീകരണം ഉടനെ ഏർപ്പെടുത്തണം. ആവശ്യമായ നിർദ്ദേശം എസ്.ആർ.ജി. നൽകണം .

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

3.9 ആശ്രയ ഗുണഭോക്താക്കൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകുമ്പോൾ പട്ടിക വർഗ്ഗ വിഭാഗത്തിലെ ഗുണഭോക്താവിനു നൽകുന്ന നിരക്കും ആനുകൂല്യങ്ങളും നൽകാവുന്നതാണ്.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

3.10 കോഓർഡിനേഷൻ കമ്മിറ്റിയിൽ അംഗങ്ങളായുള്ള ചില വകുപ്പു മേധാവികൾ പങ്കെടുക്കുന്നില്ല എന്ന് യോഗം വിലയിരുത്തി. കോഓർഡിനേഷൻ കമ്മറ്റി യോഗങ്ങളിൽ ബന്ധപ്പെട്ട വകുപ്പുമേധാവികൾ കൃത്യമായി പങ്കെടുക്കണം. ഒഴിച്ചു കൂടാൻ കഴിയാത്ത അവസരങ്ങളിൽ ഉത്തരവാദിത്തപ്പെട്ട പ്രതിനിധിയെ യോഗത്തിൽ പങ്കെടുക്കാൻ നിയോഗിക്കണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.11 കുടുംബശ്രീ ബിൽഡിംഗ് മെററീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകൾ

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തും ഒരു ഗ്രാമപഞ്ചായത്തിലും നഗരസഭാതലത്തിലും ഒരു ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്. ഇത്തരം യൂണിറ്റുകളിൽ സിമെന്റ് ബ്രിക്കുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ ഓട്ടോമാറ്റിക്/സെമി ഓട്ടോ മാറ്റിക് യന്ത്രങ്ങൾ വാങ്ങുന്നതിന് പരമാവധി 6.00 ലക്ഷം രൂപ ചെലവഴിക്കാവുന്നതാണ്.

ഇതിന് ആവശ്യമായ തുക തദ്ദേശഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കണം. ഇതിനായി കുടുംബശ്രീ മിഷൻ, ജില്ലാ മിഷൻ കോഓർഡിനേറ്റർ പ്രോജക്ട് തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം.

മുകളിൽ പറഞ്ഞ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തന സജ്ജമായ യൂണിറ്റുകൾ തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളായി പരിഗണിക്കാവുന്നതാണ്. ഇവരുടെ വേതനം സെമി സ്കിൽ/സ്കിൽഡ് ഇനത്തിൽ ഉൾപ്പെടുത്തി ഇവർ പ്രവർത്തിക്കുന്ന ദിവസം മസ്റ്റർ റോൾ പ്രകാരം കണക്കാക്കി നൽകാവുന്നതാണ്. MGNREGS മെറ്റീരിയൽ ഘടകവും ഇതിനായി ഉപയോഗിക്കാവുന്നതാണ്. ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകൾ പ്രവർത്തിക്കാനാവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് തൊഴിലുറപ്പ് പദ്ധതിയിലെ പ്രൊക്യൂർമെന്റ് മാന്വലിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. ഇതു പരിശോധിച്ച് നടപടിയെടുക്കണമെന്ന് MGNREGS ഡയറക്ടറോട് യോഗം ആവശ്യപ്പെട്ടു.

ഇതു സംബന്ധിച്ച് വിശദമായ നിർദ്ദേശം നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
3) ഡയറക്ടർ, MGNREGS

3.12 ആരോഗ്യ ജാഗ്രതയുടെ അവലോകനം എല്ലാ പഞ്ചായത്തുകളിലും നടത്തണം.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

## 4. പ്രത്യേക വിഷയങ്ങൾ

====================

### 4.1 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31.01.2017-ലെ 2436/D/2015/KSHO നമ്പർ കത്ത് (LSGD - IA1/67/2017/LSGD)

സർക്കാർ സ്കൂളുകളിൽ വിതരണം ചെയ്യുന്ന സാനിറ്ററി നാപ്കിനുകൾ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നത് സംബന്ധിച്ച്

**തീരുമാനം :-** 22.03.2017-ലെ 812/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഇതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന് സാധൂകരണം നൽകുന്നു

നടപടി:-1) തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

### 4.2 ചൂണ്ടൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.06.2018-ലെ കത്ത് (SRG 238/18)

24.03.2018-ൽ ധനകാര്യ കമ്മീഷൻ പെർഫോർമൻസ് ഗ്രാന്റായി 42,84,700 രൂപ പഞ്ചായത്തിന് അനുവദിച്ചിരുന്നു. ഈ തുകയ്ക്ക് പ്രോജക്ട് തയ്യാറാക്കുകയും ഏതാനും ബില്ലുകൾ ട്രഷറി മുഖേന മാറുകയും ചെയ്തു. ബാക്കി ബില്ലുകൾ ക്യൂ

ലിസ്റ്റിൽ ഉൾപ്പെടുത്തി. ഈ തുക സുലേഖ സോഫ്റ്റ് വെയറിൽ റെസീപ്റ്റ് സൈഡിൽ ചേർത്തിരുന്നില്ല. അതിനാൽ 2017-18-ലെ വാലിഡേഷൻ ശരിയാക്കാൻ കഴിയുന്നില്ല. ഇതു പരിഹരിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** (i) ഈ അപാകത പരിഹരിക്കുന്നതിന് (വാലിഡേഷൻ) ക്രമപ്പെടുത്തുന്നതിന്) ആവശ്യമായ ക്രമീകരണം വരുത്താൻ ഐ.കെ.എം-നെ ചുമതലപ്പെടുത്തുന്നു.

(ii) കഴിഞ്ഞ വർഷം ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകുന്നു.

(iii) തുക ചെലവഴിക്കാത്ത പ്രോജക്ടുകളുടെ നിർവഹണത്തിനുള്ള തുക 2018-19 -ലെ വിഹിതത്തിൽ നിന്നും നൽകേണ്ടതാണ്.

(iv) ജില്ലാ ആസൂത്രണസമിതിയുടെ അനുമതി കൂടാതെ ഇങ്ങനെ പ്രോജക്ടുകൾ നടപ്പാക്കിയത് സെക്രട്ടറിയുടെ ഭാഗത്തുണ്ടായ വീഴ്ചയാണ്. ഇത്തരം പിഴവുകൾ ഇനി ആവർത്തിക്കരുതെന്ന് കർശനമായി നിർദ്ദേശിക്കുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

## 4.3 പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 04.06.18 -ലെ കത്തും 31.05.2018 2(1)-ാം നമ്പർ ഭരണസമിതി തീരുമാനവും

ഇ.എം.എസ് സ്പോർടസ് ആന്റ് ഗെയിംസ് അക്കാദമിയെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിലെ കായിക പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിനുള്ള അക്രഡിറ്റഡ്/നോഡൽ ഏജൻസിയായി നിശ്ചയിക്കുന്നതിന് അനുവാദം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഈ അക്കാദമിയുടെ പ്രവർത്തനം സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പത്തനംതിട്ട അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറെ(ജനറൽ) ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കുന്നതാണ്.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ)

## 4.4 പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 02.05.2018 -ലെ കത്തും10.04.2018-ലെ 2(3)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 361/18)

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ കലഞ്ഞൂർ, ഏനാദിമംഗലം, ഏഴംകുളം, കൊടുമൺ എന്നീ ഗ്രാമപഞ്ചായത്തുകളിലെ കൃഷി ഭൂമിയെ കാട്ടുപന്നികളുടെ ശല്യത്തിൽ നിന്ന് രക്ഷിക്കുന്നതിന് വേലി കെട്ടുന്നതിന് 64,00,000/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. ആദ്യഘട്ടമെന്ന നിലയിൽ ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്തിൽ മാത്രം നടപ്പാക്കാൻ കോഓർഡിനേഷൻ കമ്മിറ്റി

അനുമതി നൽകിയിരുന്നു. ഈ വർഷം പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നു. മുകളിൽ പറഞ്ഞ 4 ഗ്രാമപഞ്ചായത്തുകളിലും നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ട് അത് വിജയമാണെങ്കിൽ പരിശോധിച്ചിട്ട് മറ്റ് പഞ്ചായത്തിൽ കൂടി വ്യാപിപ്പിക്കുക എന്നതായിരുന്നു കോഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശം. ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പത്തനംതിട്ട ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ പിന്നീട് തീരുമാനമെടുക്കും.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്
2) ജില്ലാ കളക്ടർ, പത്തനംതിട്ട

**4.5 തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 02.05.2018-ലെ J1 /15172/18-ാം നമ്പർ കത്ത്. (LSGD - DB3/03/2018/LSGD) (SRG 362/18)**

താഴെപ്പറയുന്ന പ്രോജക്ടുകൾ 2018-19-ൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയില്ല. ഇവയ്ക്ക് അനുമതി സംബന്ധിച്ച്.

| ക്രമ നം | പ്രോ.നം | പ്രോജക്ടിന്റെ പേര് | വിഹിതം |
|---|---|---|---|
| (i) | 41/19 | ശ്രവണ സംസാര വൈകല്യമുള്ളവർക്ക് ലാപ് ടോപ് | 4,50,000/- രൂപ (വികസന ഫണ്ട് |
| **തീരുമാനം:-** മുകളിൽ പറഞ്ഞ പ്രത്യേക സൗകര്യമുള്ള ലാപ് ടോപിന്റെ സ്പെസിഫിക്കേഷനും വിലയും സംബന്ധിച്ച് വിശദാംശങ്ങൾ നൽകണം. ഇത് നൽകുന്ന മുറയ്ക്ക് പിന്നീട് തീരുമാനമെടുക്കും. | | | |
| (ii) | 644/19 | മാലിന്യ സംസ്കരണത്തിന് 76 MHP ബാക്ക് ഹോ എസ്കവേറ്റർ ലോഡർ വാങ്ങൽ | 26,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| (iii) | 645/19 | മാലിന്യ സംസ്കരണത്തിന് 2.80 &5.0 ക്യൂബിക് മീറ്റർ ടിപ്പർ ലോറികൾ വാങ്ങൽ | 30,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| (iv) | 646/19 | മാലിന്യ സംസ്കരണത്തിന് 5.0 ക്യൂബിക് മീറ്റർ ടിപ്പർ ലോറികൾ വാങ്ങൽ | 16,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| (v) | 1096/19 | മൊബൈൽ മോർച്ചറി സൗകര്യമുള്ള 3 വാഹനങ്ങൾ വാങ്ങൽ | 60,00,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| **തീരുമാനം :-** തനത് ഫണ്ടോ വികസനഫണ്ടോ ഉപയോഗിക്കാൻ അനുമതി നൽകുന്നു. ധനകാര്യ കമ്മീഷൻഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല. | | | |
| (vi) | 1214/19 | നഗരസഭയുടെ പഴയ വാഹനം മാറ്റി പുതിയ വാഹനം വാങ്ങൽ | 30,00,000/- |
| **തീരുമാനം :-** നിലവിലെ വാഹനം, വാങ്ങാൻ ഉദ്ദേശിക്കുന്ന വാഹനം എന്നിവയുടെ വിശദാംശ ങ്ങൾ സഹിതം തദ്ദേശസ്വയംഭരണ വകുപ്പിന് നൽകണം. വകുപ്പുതലത്തിൽ നടപടി സ്വീകരിക്കണം. | | | |

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

## 4.6 മറവൻ തുരുത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.04.2018-ലെ A2/252/18-ാം നമ്പർ കത്ത് (SRG 8/18)

2017-18 വർഷം ധനകാര്യ കമ്മീഷൻ പെർഫോർമൻസ് ഗ്രാന്റ് ആയി 57,54,700/- രൂപ അനുവദിച്ചുവെങ്കിലും (24.03.2018-ൽ) ഇത് സുലേഖ സോഫ്റ്റ് വെയറിൽ ചേർക്കാത്തതിനാൽ പ്രോജക്റ്റ് തയ്യാറാക്കാൻ കഴിഞ്ഞില്ല. ഈ തുക 2018-19 -ൽ അധികമായി അനുവദിക്കണമെന്നത് സംബന്ധിച്ച്

**തീരുമാനം :-** ഇങ്ങനെയുള്ള 170 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രശ്നം ധനവകുപ്പിന്റെ പരിഗണനയിലാണ്. ഈ വിഷയത്തിന്മേൽ തീരുമാനമെടുക്കാൻ ധനവകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

നടപടി:-1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

## 4.7 ആലപ്പുഴ ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 21.04.2018-ലെ 4463/17/1-ലെ കത്ത് (LSGD - DB1/349/2018-LSGD)

(i) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ രക്ഷകർത്താവിന് സൈഡ് കാർ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങുന്നതിന് 35.00 ലക്ഷം രൂപ വകയിരുത്തി ജില്ലാ പഞ്ചായത്ത് 2018-19ൽ പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു. ഇതിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയില്ല. പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നില്ല,

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

(ii) ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 21.04.2018-ലെ PL.4463/17-3-ാം നമ്പർ കത്ത് (LSGD - DB1/349/2018 -LSGD)

പാലിയേറ്റീവ് പ്രവർത്തനം നടത്തുന്ന ജില്ലയിലെ വിവിധ പാലിയേറ്റീവ് സൊസൈറ്റികൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് 75.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചില്ല. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഏതുതരം ഉപകരണമാണ് എന്നതടക്കമുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇതു കൂടി ഉൾപ്പെടുത്തി ജില്ലാ പ്ലാനിംഗ് ഓഫീസർ മുഖേന സമർപ്പിക്കാൻ നിർദ്ദേശിക്കുന്നു. പിന്നീട് പരിഗണിക്കും

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

(iii) ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 24.04.2018-ലെ P. N4463/17-03-ാം നമ്പർ കത്ത് (LSGD - DB1/349/2018 -LSGD)

സഞ്ചരിക്കുന്ന ക്യാൻസർ നിർണ്ണയ യൂണിറ്റ് എന്ന പ്രോജക്റ്റ് നടപ്പാക്കാനായി ഉപകരണങ്ങളും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പ്രോജക്ടിന്റെ വിശദാംശങ്ങളോ പ്രവർത്തനമോ നൽകിയിട്ടില്ല. ഇതു കൂടി ഉൾപ്പെടുത്തി ജില്ലാ പ്ലാനിംഗ് ഓഫീസർ മുഖേന സമർപ്പിക്കണം. പിന്നീട് പരിഗണിക്കുന്നതാണ്.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

**4.8 സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി ഡയറക്ടറുടെ 10.04.2018 -ലെ SIET/1024/MISC/2018-ാം നമ്പർ കത്ത് (LSGD - DB2/186/2018 - LSGD)**

സ്കൂൾ കുട്ടികളുടെ ബൗദ്ധിക പ്രവൃത്തികൾക്കൊപ്പം വൈകാരിക നിലവാരവും മെച്ചപ്പെടുത്തുന്നതിന് പരിശീലന വിഭവങ്ങൾ, വിദഗ്ധർ എന്നിവരെ SIET സജ്ജമാക്കുന്നുണ്ട്. പദ്ധതിയുടെ പേര് ''കുട്ടിക്കൊപ്പം''. ഇതിനായി ജില്ലാതല പരിശീലനങ്ങൾക്കും സ്കൂൾതല ശില്പശാലകൾക്കും സാമ്പത്തിക സഹായത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തുന്നതിന് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** വിശദമായ പ്രോജക്ട് റിപ്പോർട്ട് SIET ഡയറക്ടർ എസ്.ആർ.ജി.യ്ക്ക് നൽകണം. എസ്.ആർ.ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

**4.9 ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.12.2017-ലെ A1- 10/17-ാം നമ്പർ കത്തും 20.11.2017 -ലെ XXXV-ാം നമ്പർ ഭരണ സമിതി തീരുമാനവും (LSGD - DA1/296/2018-LSGD)**

2015-16-ലെ ''വെള്ളപ്പോക്ക് പാടം ഇടവഴി കോൺക്രീറ്റ്'' എന്ന പ്രോജക്ട് (പ്രോ.നം.44/16- അടങ്കൽ 3,00,000/- രൂപ) പൂർത്തിയായെങ്കിലും ബിൽ തുക 2015-16-ൽ നൽകിയില്ല. അതിനാൽ 2017-18-ൽ ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്തി (പ്രോ. നം. 68/18) ഇതിന്റെ തുക നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക നൽകാൻ അനുമതി നൽകുന്നു. ഇതിനായി 2018-19 വർഷം മാനദണ്ഡ പ്രകാരം സ്പിൽ ഓവറായി പ്രോജക്ട് ഉൾപ്പെടുത്താനും അനുമതി നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

**4.10 ഊർജ്ജ വകുപ്പിന്റെ 28.11.2017-ലെ 275/PS2/2017/PD നമ്പർ കുറിപ്പ്**

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ സാധാരണ ബൾബുകൾ മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് നിർദ്ദേശം ഊർജ്ജവകുപ്പിന് ഉണ്ട്. സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഇതിനു ഫണ്ട് ലഭ്യമല്ല. അതിനാൽ തദ്ദേശഭരണ

സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് ഈ പദ്ധതി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനായി പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. CSR അടക്കം മറ്റു രീതിയിൽ ഇതിന്റെ ആവശ്യത്തിന് ഫണ്ട് കണ്ടെത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ട താണ്.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

**4.11 കാവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 27.04.2018-ലെ 4(1)-ാം നമ്പർ ഭരണ സമിതി തീരുമാനം (LSGD - DA1/482/2018 - LSGD)**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി വെളുത്ത കൊറ്റി, തമ്പുരാൻകുളം എന്ന ആളുടെ മകളുടെ വിവാഹം 21.02.2016-ൽ നടന്നുവെങ്കിലും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ വിവാഹ ധനസഹായത്തിന് അപേക്ഷിച്ചില്ല. കാലതാമസം വന്നത് ഒഴിവാക്കി ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

**4.12 ബഹു. ഉദുമ എം.എൽ.എ.യുടെ 06.06.2018-ലെ 3087/DB/MLA/2018-ാം നമ്പർ കത്തും ദേലംപാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.05.2018-ലെ A2-345/17-ാം നമ്പർ കത്തും**

സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം എന്ന പ്രോജക്ട് 2018-19-ൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (പ്രോ.നം. 67/19 - അടങ്കൽ 25.00 ലക്ഷം രൂപ) മാർഗ്ഗരേഖ പ്രകാരം സർക്കാർ സ്കൂളുകളിൽ UP വിഭാഗം വരെയുള്ള അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും പ്രഭാതഭക്ഷണം നൽകാൻ അനുമതിയുണ്ട് പഞ്ചായത്തിൽ എയ്ഡഡ് പ്രൈമറി സ്കൂളിലെ കുട്ടികൾക്കും ഹൈസ്കൂളിലെ പ്രൈമറി വിഭാഗം കുട്ടികൾക്കും ഇതുപോലെ പ്രഭാത ഭക്ഷണം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** തീർത്തും ഒറ്റപ്പെട്ട പ്രദേശത്തും വനപ്രദേശത്തും മാത്രമായി പ്രഭാത ഭക്ഷണം നൽകാൻ പ്രത്യേക അനുമതി നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

**4.13 കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 28.05.2018-ലെ കത്ത്**

ജില്ലാ പഞ്ചായത്തിന്റെ ഇറിഗേഷൻ പ്രോജക്ടുകൾ മൈനർ ഇറിഗേഷൻ വകുപ്പ മുഖേന നടപ്പാക്കുന്നതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018-ലെ യോഗ തീരുമാനപ്രകാരം (ഖണ്ഡിക 4.2) പ്രത്യേക അനുമതി നൽകിയിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയർമാരെ വെറ്റിംഗ് ഓഫീസർമാരായി

നിശ്ചയിച്ചതുപോലെ ഈ പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസറായി ഇറിഗേഷൻ വകുപ്പിലെ എഞ്ചിനീയർമാരെ നിശ്ചയിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

**4.14 ഒളുക്കങ്ങൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.03.2018, 05.04.2018, എന്നീ തീയതികളിലെ കത്തുകൾ ( SRG - 282/18)**

ഒളുക്കങ്ങൽ പി.എച്ച്.സി കെട്ടിടത്തിൽ ആയുഷ് സെന്ററിൽ ആയുർവേദ - യുനാനി - ഹോമിയോ വിഭാഗത്തിനായി 3 അറ്റന്റർമാർ സേവനമനുഷ്ഠിച്ചു വരുന്നുണ്ട്. ഇപ്പോൾ 4000/- രൂപ വേതനമായി നൽകുന്നു. വേതനം പുതുക്കി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** 6000/- രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. .

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

**4.15 ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.04.2018-ലെ SC1-01/18-ാം നമ്പർ കത്തും 14.02.2018-ലെ 2(1) -ാം നമ്പർ ഭരണ സമിതി തീരുമാനവും (SRG 41/18)**

2016-17-ൽ ആശ്രയ ഭവന നിർമ്മാണത്തിന് 3,50,000/- രൂപ വകയിരുത്തി പ്രോജക്ട് നടപ്പാക്കി. 30.03.2012-ലെ ഉത്തരവനുസരിച്ച് 2,50,000/- രൂപയാണ് ആശ്രയ കുടുംബത്തിന് നൽകാവുന്ന ഭവന നിർമ്മാണ ധനസഹായം. പട്ടികവർഗ്ഗ വിഭാഗത്തിനു നൽകാവുന്ന നിരക്കായ 3,50,000/-രൂപ ആശ്രയ കുടുംബത്തിനും നിശ്ചയിച്ച് ബാക്കി 1,00,000/- രൂപ കൂടി നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** 2016-17ൽ പട്ടികവർഗ്ഗ വിഭാഗത്തിന് യൂണിറ്റ് നിരക്ക് 3.50 ലക്ഷം രൂപയായിരുന്നു. അതിനാൽ അനുമതി നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

**4.16 നഗരകാര്യ ഡയറക്ടറുടെ 20.02.2018-ലെ DC3 - 2910/17-ാം നമ്പർ കത്തും മാനന്തവാടി നഗരസഭാ ചെയർമാന്റെ 01.08.2017-ലെ A5-2016 - 16-ാം നമ്പർ കത്തിന്മേൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.08.2017-ൽ എടുത്ത തീരുമാനവും (ഖണ്ഡിക 3.76) (SRG 54/18)**

2016-17-ൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോകുന്നതിന് രണ്ട് മിനി ബസ് വാങ്ങുന്നതിന് 27,48,000/- രൂപ ( റ്റി.എസ്.പി) വകയിരുത്തി പ്രോജക്ട് തയ്യാറാക്കി ഡി.പി.സി. അംഗീകാരം ലഭിച്ചിരുന്നു. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.08.2017-ൽ പരിഗണിക്കുകയും വിശദാംശങ്ങൾ സമർപ്പിക്കാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. നഗരകാര്യ ഡയറക്ടർ അനുമതി നൽകാൻ ശുപാർശ ചെയ്തിട്ടുണ്ട്. അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഈ പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നുവെങ്കിൽ 2018-19-ലെ വിഹിതമുപയോഗിച്ച് ബസ് വാങ്ങാൻ

അനുമതി നൽകുന്നു. തുടർ നടത്തിപ്പും ചെലവും പി.റ്റി.എ വഹിക്കണമെന്ന നിബന്ധന പാലിക്കണം.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

**4.17 കരുളായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.01.2018-ലെ കത്ത്**

2016-17 ൽ പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാനായിരുന്നു പ്രോജക്ട്. എന്നാൽ അവസാന വർഷം പഠിച്ചിരുന്ന രണ്ട് ഗുണഭോക്താക്കളും അപേക്ഷിച്ചിരുന്നു. ഇവർ വനത്തിലുള്ളിലെ കോളനികളിലാണ് താമസിക്കുന്നത്. ഇവർക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** 2018-19-ലെ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും നൽകിയതിനുശേഷം ഇവർക്കു കൂടി നൽകാൻ അനുമതി നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

**4.18 ഗ്രാമവികസന കമ്മീഷണറുടെ 09.04.2018-ലെ 4377/DP5/2018/CRD നമ്പർ കത്തും പള്ളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 16.02.2018-ലെ B- 1626/15-ാം നമ്പർ കത്തും**

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്ന തിന്റെ ഭാഗമായി 2015-16-ൽ '' ഡോക്യുമെന്ററി തയ്യാറാക്കൽ'' എന്ന പേരിൽ (പ്രോ.നം. 88/16, അടങ്കൽ 85,000/- രൂപ. തനത് ഫണ്ട്) ഡോക്യുമെന്ററി തയ്യാറാക്കി. ജില്ലാ ആസൂത്രണ സമിതി അനുമതിയോടെയല്ല പ്രോജക്ട് നടപ്പാക്കിയത്. പിന്നീട് പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അനുമതി വാങ്ങുകയായിരുന്നു. സർക്കാർ അനുമതിയും വാങ്ങിയിരുന്നില്ല. ഈ കാരണങ്ങളാൽ ഡോക്യുമെന്ററി തയ്യാറാക്കിയ ആളിന് തുക നൽകിയില്ല. തുക നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഡോക്യുമെന്ററി അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്

**4.19 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.06.2018-ലെ കുറിപ്പ്**

തെരുവുനായ്ക്കളെ വന്ധീകരിക്കുന്നതിന്റെ ഭാഗമായി തുക വകയിരുത്തണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങളോട് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്ന തുക തെരുവുനായ്ക്കളുടെ എണ്ണത്തിന്

ആനുപാതികമല്ലാത്തതിനാൽ മതിയായ തുക വകയിരുത്തണമെന്ന് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** എ.ബി.സി. പദ്ധതിക്ക് പ്രോജക്ട് നിർബന്ധമായും എടുക്കണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങളോട് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. ഇതു പാലിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾ മതിയായ തുക വകയിരുത്തേണ്ടതാണ്.

നടപടി:-1) തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

**4.20 ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 11.04.2018-ലെ ED-N0 2047/18-ാം നമ്പർ കത്ത്.**

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ 43 സർക്കാർ ഹൈസ്കൂളിൽ നിന്ന് 600 കേഡറ്റുകൾക്ക് 2018 ഏപ്രിൽ 8 മുതൽ 13 വരെ പുന്നപ്രയിൽ ക്യാമ്പ് നടന്നു. ഇതിന്റെ നടത്തിപ്പിനായി സർക്കാർ വിഹിതം അപര്യാപ്തമായതിനാൽ ജില്ലാ പഞ്ചായത്തിൽ നിന്ന് 1.00 ലക്ഷം രൂപ അനുവദിക്കണമെന്ന് ജില്ലാ പോലീസ് മേധാവി ആവശ്യപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് 1.00 ലക്ഷം രൂപ അനുവദിക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

(യോഗം വൈകിട്ട് 5.00 മണിക്ക് അവസാനിച്ചു)

**************